**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600** **28-06-2022 - ൽ മറുപടിയ്ക്ക്**

**അളഗപ്പ ടെക്സ്റ്റയിൽ ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് പ്രവർത്തനം നിർത്തി വെച്ച പുതുക്കാട് മണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റയിൽ ഫാക്ടറി നാളിതുവരെ തുറന്ന് പ്രവർത്തിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കമ്പനി തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചു പൂട്ടിയ എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് വ്യവസായ വകുപ്പ് മന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09.08. 2021ൽ കത്ത് അയയ്ക്കുകയും കൈത്തറി മേഖലയിലെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17.11.2021 ൽ മെമ്മോറാണ്ടം സമർപ്പിയ്ക്കുകയും ചെയ്തു. |
| (സി) | സർക്കാർ ടെക്സ്റ്റയിൽ കോർപ്പറേഷന് കൈമാറിയ പ്രസ്തുത സ്ഥലത്ത് യാതൊരുവിധ പ്രവർത്തനങ്ങളും നടക്കാത്ത സാഹചര്യത്തിൽ ഭൂമി തിരിച്ചു പിടിക്കുന്നതിനും, കിൻഫ്ര പാർക്ക് ഉൾപ്പെടെയുള്ള വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ദേശസാത്ക്കരണത്തിനു ശേഷം അളഗപ്പ ടെക്സ്റ്റൈൽസും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലായതിനാൽ, കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുക യുള്ളൂ. |

സെക്ഷൻ ഓഫീസർ